# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2771 - 17/10/2016 - ലെ മറുപടിക്ക്**

**റബ്ബർ വില സ്ഥിരതാ പദ്ധതി**

**ചോദ്യം**

**ഉത്തരം**

**ശ്രീ.പി.സി.ജോർജ്**

**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവിച്ച പ്രകാരം, റബ്ബർ വിലസ്ഥിരതാ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ ഭാഗമായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകനയോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ 12.10.2016 ലെ 152/2016/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് പുതിയതായി രജിസ്റ്റർ ചെയ്യുവാൻ 2016 ഒക്ടോബർ 15 മുതൽ 2016 നവംബർ 30 വരെ അവസരവും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ''കൃത്രിമ റബ്ബർ ഉദ്പാദിപ്പിക്കുന്ന ഏതെങ്കിലും കമ്പനി കർഷകരെ വഞ്ചിക്കുവാനുള്ള നടപടി സ്വീകരിച്ചാൽ കർക്കശ നിലപാട് സ്വീകരിക്കും'' എന്ന് 04.10.2016 ൽ മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയുടെ വെളിച്ചത്തിൽ ,Royal Marketing & distributors, DCA For Reliance Industrial Ltd, Ist Floor, Sebastian Road, Kalloor, Ernakulam എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ; | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | പ്രസ്തുത കമ്പനിയുടെ ബിസിനസ്സ് റബ്ബർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതാണോയെന്ന് അറിയുവാൻ ആവശ്യമായ അന്വേഷണം നടത്തി വെളിപ്പെടുത്തുമോ; | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത കമ്പനി കഴിഞ്ഞ യു.ഡി.എഫ്. മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിയുടെ അടുത്ത ബന്ധുവിന്റേതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് സത്യാവസ്ഥ വെളിപ്പെടുത്തുമോ? | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

അക്കൗണ്ട്സ് ഓഫീസർ